# മയൂരം



## ജി.എം.എച്ച്.എസ്.ചെറുവട്ടൂർ


2019 - 2020

# ആശംസ



ചെറുവട്ടൂർ ഗവൺമെൻറ് മോഡൽ ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികൾ **മയൂരം** എന്ന പേരിൽ ഒരു ഡിജിറ്റൽ മാസിക പ്രസിദ്ധീകരിക്കുന്ന എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ഇതിന്റെ ഭാഗമായി വിദ്യാർത്ഥികൾ വിവിധ തരത്തിലുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതരാണ്. അവരിൽ നിക്ഷിപ്തമായ ദൗത്യം നൂറു ശതമാനം സത്യസന്ധമായി പൂർത്തീകരിച്ച കൊച്ചു കൂട്ടുകാർക്ക് ഹൃദയത്തിന്റെ ഭാഷയിൽ ആശംസകൾ നേരുന്നു.

എന്ന്



ഹെഡ്മിസ്ട്രസ്

മൈമൂനത്ത് കോടാലി

# സമർപ്പണം



1970 - 90 കാലഘട്ടങ്ങളിൽ ചെറുവട്ടൂർ ഗവൺമെന്റ് മോഡൽ ഹയർ സെക്കൻഡറി സ്കൂളിലെ മികച്ച കായിക അധ്യാപകനും മജീഷ്യനും ആയിരുന്ന ചിറക്കൽ രാധാകൃഷ്ണൻ സാർ, ദേശീയ-സംസ്ഥാന തലങ്ങളിൽ ഈ സ്കൂളിന് ഏറെ കായിക നേട്ടങ്ങൾ സമ്മാനിച്ച അധ്യാപകനായിരുന്നു. ചെറുവട്ടൂർ ഹൈസ്കൂളിന്റെ സുവർണ്ണ കാലഘട്ടത്തിലെ നിറസാന്നിധ്യമായിരുന്ന, അദ്ദേഹത്തിന്റെ പാവന സ്മരണയ്ക്ക് മുൻപിൽ ലിറ്റിൽ കൈറ്റ് കൂട്ടായ്മയുടെ മയൂരം എന്ന ഡിജിറ്റൽ മാഗസിൻ സമർപ്പിക്കുന്നു

# ആമുഖം

ആധുനികകാലത്തെ വിവരസാങ്കേതിക കുതി
പ്പിന്റെ കൂട്ടായ്മയായ ലിറ്റിൽ കൈറ്റ് മയൂരം
എന്ന ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുകയാണ്
കാലത്തിനു മുന്നേ പറക്കുന്ന പക്ഷികൾ ആവു
ക എന്ന ആഗ്രഹവുമായി ഗമിക്കുന്ന ഞങ്ങളു
ടെ ചിറകുകൾക്ക് നിങ്ങളേവരും ശക്തി ആക
ണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു .വിവര സാ
ങ്കേതിക വിദ്യയുടെ സഹായത്താൽ ഏറെ സ
ഞ്ചരിക്കേണ്ട നമ്മൾ ജീവിതത്തിന്റെ സകല
ഇടവഴികളിലും പ്രാപ്ത രായിരിക്കുവാൻ
ഇത്തരം കൂട്ടായ്മകൾ നമ്മെ സഹായിക്കുന്നു
ഞങ്ങളുടെ ഈ എളിയ ഉദ്യമത്തിന് ഏവരു
ടെയും മംഗളങ്ങൾ അഭ്യർത്ഥിക്കുന്നു.

# എഡിറ്റോറിയൽ

സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി ഹൈടെക് പദ്ധതി യിലൂടെ പൊതുവിദ്യാലയങ്ങളിൽ നടപ്പാക്കുന്ന ഐടി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ് ഈ ഡി ജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കിയ എല്ലാ ലിറ്റി ൽ കൈറ്റ്സ് അംഗങ്ങൾക്കും ഞങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയ അധ്യാപകർക്കും നന്ദി. ഏവർക്കും സൗഹൃദത്തിന്റെ പുഞ്ചിരിയോടെ ആത്മ നിർവൃതിയോടെ പരിമിതികൾ അംഗീ കരിച്ചുകൊണ്ട് സമർപ്പിക്കുന്നു

CHEIF EDITOR



ASWIN RAJEEV

SUB EDITOR



AISWARYA PRAKASH

EDITORIAL BOARD

| | |
|---|---|
| MUHAMMED FAISAL PS | SHAHANA NISAR |
| AKSHAY MR | JODHIKA C R |
| FAYAS RAHMAN | KRISHNAPRIYA AK |
| ANAMIKA PS | DEVIKA MANI |
| RENUKA V KARTHA | ABHIRAMI PRADEEP |

# താളുകളിലൂടെ.........

- ചന്ദ്ര പ്രതിഷ്ഠ
- ആവർത്തനപ്പട്ടികയുടെ നാൾവഴികൾ
- ഗ്രാമത്തിന്റെ വിളക്ക്
- കല്ലിൽ ഗുഹാ ക്ഷേത്രത്തിലേക്ക് ഒരു പഠന വിനോദയാത്ര
- റോബോട്ടിക്സ്
- വാർമതി വീണ്ടും തിളങ്ങി
- ഔഷധ സസ്യങ്ങളും ശാസ്ത്ര നാമങ്ങളും
- അരക്ഷിതമാകുന്ന വാർധക്യം
- മൂർത്തി സപ്തി

- മാഷ് അവധിയിലാണ്
- അതിജീവനത്തിന്റെ പോരാട്ടം
- കാത്തുനിൽപ്പ്
- നിലാവാകുന്ന നക്ഷത്രം
- അഗ്നിച്ചിറകുള്ള പക്ഷി
- പൈതലേ നിൻമുഖം
- तोता हूं मैं तोता हूं
- അറബി കവിത
- विद्यालय की गाड़ी
- എന്റെ കലാലയം

# ചന്ദ്ര പ്രതിഷ്ഠ

താരകം ചാരുത ചൊരിഞ്ഞീടുമാ

വിണ്ണിലാകമാനം പ്രകാശകിരണങ്ങൾ

രാവിൽ അരുണൻ മറഞ്ഞതല്ലേ

പിന്നെ എങ്ങു നിന്ന് ഈ പ്രഭാകിരണങ്ങൾ

മാനമാകെ നോക്കി , കാണ്മൂ , ആ

വിയത്തിൽ ഗോളമായി നിൽപ്പൂ ഒരുവൻ

ആരിവൻ , അരുണനോ ചാരുതയോടെ

മന്ദസ്മിതനായി പ്രഭ ചൊരിയുന്നു

വിശ്വം ദീപമയമാക്കും ഇവനോ ചന്ദ്രദേവൻ

അതോ വജ്ര കല്ലോ

ഈ പ്രഭയോ പൂത്തിങ്കൽ, അതോ

ഇത് പാൽ നദിയോ.....

മഹാകവി മന്നവേന്ദ്രനമായി

ഉപമിച്ചത് നിൻ പൂമുഖമോ

നിൻ പ്രഭ എന്തോ , എന്നെ

മായിക നഗരത്തിലാക്കീടുന്നു.

നിൻ പ്രഭ എനിക്ക് പ്രകാശം പകർന്നീടുന്നു

നീയെൻ വഴികാട്ടിയായീടുന്നു.

പാൽ കുഴമ്പോ , ചന്ദ്രദേവ നിൻ

പുഞ്ചിരി , അതോ പനിനീർ പൂക്കളോ

പാരിന്റെ മക്കളെ തഴുകി തളർന്ന

ആ സൗന്ദര്യ മകുടത്തിന്

യാത്രയാവാൻ നേരമായി, അരുണനെത്തി

പൂർണ്ണ പ്രഭയോടെ

തിങ്കളേ അരുത്, നീ എന്തിന്? പോകേണ്ട

മാനുഷർക്ക് നിൻ സൗന്ദര്യം ജീവവായു

തിങ്കൾ തൻ വിട ചൊല്ലൽ എന്നെ നടുക്കി,

അരുണനുദിച്ചു അനിഷ്ടത്തോടെ

കാത്തിരിപ്പൂ ഞാൻ നിന്നെ ഓമലെ, കാരണം

നീ എൻ മനത്തിൽ പ്രതിഷ്ഠയായി....................



Renuka v Kartha


9C



## ആവർത്തനപ്പട്ടികയുടെ നാൾവഴികൾ

ഈ കഴിഞ്ഞ 2019 ആവർത്തനപ്പട്ടികയുടെ വർഷമായാണ് കണക്കാക്കിയിരുന്നത്. ആവർത്തനപ്പട്ടിക ഈ രീതിയിൽ എത്തുന്നതിനുമുമ്പ് ചരിത്രം പരിശോധിച്ചാൽ ഏകദേശം മുപ്പതോളം മൂലകങ്ങൾ കണ്ടുപിടിച്ച കാലത്ത് മൂലകത്തിന്റെ തരംതിരിക്കലിനു ആദ്യംമുതിർന്നത് ലാവോയിസർ ആണ്. 1789 -ൽ അദ്ദേഹം മൂലകങ്ങളെ ലോഹങ്ങളും അലോഹങ്ങളുമായി ആണ് തരംതിരിച്ചത്. ശേഷം ആവർത്തനപ്പട്ടികക്കും രസതന്ത്രത്തിനും മഹത്തായ സംഭാവന നൽകിയ Dobereiner ഒരേ സ്വഭാവമുള്ള മൂന്ന് മൂലകങ്ങളുടെ ഗ്രൂപ്പായി തരംതിരിച്ചു. ഇതാണ് triads. എന്നാൽ എല്ലാ മൂലകങ്ങളും ഇത്തരത്തിൽ തരംതിരിക്കാൻ ആയില്ല. 1866-ൽ ന്യൂലാൻഡ് അന്നുള്ള 56 മൂലകങ്ങളുടെ atomic mass വച്ച് തരംതിരിച്ചു. എട്ടാമത്തെ മൂലകത്തിന്റെ അതേ സ്വഭാവമാണ് വീണ്ടും ഒന്നാമത്തെ മൂലകത്തിന് ഉള്ളതെന്ന് അദ്ദേഹം കണ്ടെത്തി. ഇതിനെ അദ്ദേഹം സംഗീതത്തിലെ സപ്തസ്വരങ്ങളോടാണ് ഉപമിച്ചത്. ഈ നിയമത്തെ Law of octaves എന്ന് വിളിക്കുന്നു. പിന്നീട് Mendaleev മൂലകങ്ങളെ തരംതിരിക്കാനായി ആദ്യമായി പട്ടിക തയ്യാറാക്കി. ഇദ്ദേഹമാണ് ആധുനിക ആവർത്തനപ്പട്ടികയുടെ പിതാവെന്ന് അറിയപ്പെടുന്നത്. ഇതിലൂടെ അദ്ദേഹം പീരിയോഡിക് ലോയും കണ്ടെത്തി. ഇതിന്റെ ഗുണം , ഒരേ സ്വഭാവമുള്ള മൂലകങ്ങളെ ഒരേ ഗ്രൂപ്പിൽ ഉൾപ്പെടുത്താൻ കഴിഞ്ഞു എന്നതാണ്. പക്ഷെ ചില മൂലകങ്ങളെ കൃത്യമായി അറ്റോമിക് മാസിൽ തരംതിരിക്കാൻ സാധിച്ചില്ല .പിന്നീട് അദ്ദേഹം തന്നെ തെറ്റായ മൂല്യങ്ങളുള്ള മൂലകങ്ങളുടെ മാസ്സ് തിരുത്തി, മാത്രമല്ല തരംതിരിച്ച് അതിലൂടെ ഭാവിയിൽ വരാനിടയുള്ള ഒരേ സ്വഭാവമുള്ള മൂലകങ്ങളെ പറ്റി പ്രവചിച്ചു. ഇതിന്റെ ദോഷങ്ങൾ, ഒരുപാട് വ്യത്യസ്ഥ സ്വഭാവമുള്ള മൂലകങ്ങളെ ഒരേ ഗ്രൂപ്പിൽ കയറ്റുകയും ഹൈഡ്രജന് കൃത്യമായ ഒരു സ്ഥാനം നൽകാൻ പറ്റാതെ ആവുകയും ചെയ്യുവെന്നതാണ്. അതിനെ ലിഥിയം, സോഡിയം, എന്നിവയുടെ കൂടെ ഉൾപ്പെടുത്തി. അറ്റോമിക മാസ് കൂടിവരുന്ന ഓർഡർ കൃത്യമായി പാലിക്കാനായില്ല. അങ്ങനെ 1869-ൽ Mendaleev ആവർത്തനപ്പട്ടിക തയ്യാറാക്കി. പിന്നീട് Mosely, x-ray defraction experimentലൂടെ അറ്റോമിക് നമ്പറിന്റെ ആരോഹണക്രമത്തിൽ Modern periodic table-ഉം,Modern periodic law-യും തയ്യാറാക്കി. ഈ ചരിത്രത്തിലൂടെ ആണ് ആധുനിക ആവർത്തനപ്പട്ടിക തയ്യാറായി വന്നത്.

Fathima B.A-10B






# ഗ്രാമത്തിന്റെ വിളക്ക്

കഥ



മുറ്റത്തെ മാവിൻചോട്ടിൽ നിന്ന് മാങ്ങ പെറുക്കുന്നതിന്റെ തിരക്കിലാണ് ലില്ലിമോളും അപ്പുക്കുട്ടനും. പാടത്തെ കള പറയ്ക്കുകയാണ് ശേഖരൻകുട്ടി. പാവം, ആകെപ്പാടെ വിയർത്തു നിൽക്കുകയാണ്.ശേഖരൻകുട്ടിയുടെ ഭാര്യ ശാന്തമ്മ ഒരു കുടം വെള്ളവുമായി പാടത്തേക്ക് പോകുകയാണ്.

"എന്തൊരു ഉഷ്ണം. കുട്ടികൾ എവിടെയാണ് ശാന്തേ". ശേഖരൻക്കുട്ടി വിയർപ്പ് , തോർത്ത് ഉപയോഗിച്ച് ഒപ്പിക്കളഞ്ഞു ചോദിച്ചു.

"കുട്ടികളവിടെയുണ്ട്. നാളെ കുട്ടികളെയുംക്കൊണ്ട് സ്കൂളിൽ പോകണം. ഓ....തീർച്ചയായും.ഞാൻ അത് മറന്നിരുന്നു. ഉഷ്ണം വളരെ വലുതാണ് ഉടൻ തന്നെ കേറി പോന്നോളൂട്ടോ''

ശങ്കരൻകുട്ടി ഒന്നു മൂളുക മാത്രം ചെയ്തു .ഈ മണ്ണിൽ പണിയണം. ആ സമ്പത്ത് ലില്ലിക്കും അപ്പുക്കുട്ടനും പകുത്ത് നൽകണം.അവർ അതിൽ പൊന്നു വിളയിക്കും. ഈ ഒരൊറ്റ ചിന്ത മാത്രമാണ് ശേഖരൻകുട്ടിയുടെ മനസ്സിൽ. കാലങ്ങൾ വീണ്ടും കടന്നു പോയി.ലില്ലി അവളുടെ ഉണ്ട കണ്ണുകളോടെ ആ ഗ്രാമത്തിന്റെ ഭംഗി കണ്ടു വളർന്നു. മാവിലെ പഴുത്തമാങ്ങകൾ,തെങ്ങിലെ തേങ്ങയുടെ കരിക്കിൻവെള്ളം ഇതെല്ലാം അവളുടെ കണ്ണിൽ കൗതുകം പോലെയായിരുന്നു .ആ കൗതുകം കണ്ട്

അവൾ വളർന്നു.എന്നാൽ അപ്പു അങ്ങനെയല്ലായിരുന്നു.കളിക്കാനും പോകില്ല ,എല്ലായ്പ്പോഴും ഒരു പുസ്തകവുമായി മുറിയിൽ ഇരുപ്പായിരുന്നു. പിന്നെ ലില്ലി വന്ന് വിളിച്ചാലോ,ശാന്തമ്മ വന്നു വിളിച്ചാലോ അപ്പു വാതിൽ തുറക്കില്ല. കാലങ്ങൾ കടന്നു പോയി.ഓരോ ദിവസവും ലില്ലി പുറംലോകത്തെ അറിഞ്ഞു ജീവിച്ചു. പാടം,കുന്ന് തുടങ്ങിയ അനവധി ആവാസവ്യവസ്ഥകളോട് അവൾ ഇണങ്ങി ജീവിച്ചു.പ്രകൃതിയിലെ ജീവികളെല്ലാം അവളുടെ ചങ്ങാതിമാരായി മാറി .

മണിക്കൂറുകൾ കടന്നു പോയി ദിവസങ്ങളായി, ദിവസങ്ങൾ കടന്നു പോയി ആഴ്ചകളായി, ആഴ്ചകൾ കടന്നുപോയി മാസങ്ങളായി.മുറ്റത്തെ മാവും മുത്തച്ഛനായി.പഴുത്ത ഇലകൾ മുറ്റത്തെ ശാന്തമ്മയുടെ ജോലി വർദ്ധിപ്പിച്ചു. അപ്പുക്കുട്ടൻ പഠിച്ചൊരു എൻജിനീയറായി. ലില്ലി പഠിച്ച് ഗ്രാമത്തിലെ സ്കൂളിലെ അധ്യാപികയുമായി. നല്ലൊരു മലയാളം അധ്യാപികയായ ലില്ലി അവളുടെ വിദ്യാലയത്തിലെ കുട്ടികളെ ഗ്രാമവുമായി ഇണക്കി.അപ്പുവിന് ടൗണിലേക്ക് പോകേണ്ടിവന്നു .അവിടെ ആരോരും അറിയാതെ ഒരു ഫ്ളാറ്റ് വാങ്ങി. കുറച്ചു ദിവസങ്ങൾക്കകം അയാൾ നഗരത്തിലെ ഏറ്റവും വലിയ പണക്കാരനായ രാമുണ്ണി നായരുടെ മകൾ സുമിത്രയെ വിവാഹം കഴിച്ചു. അവർ നാട്ടിലേക്ക് വരാതായി. പക്ഷെ ഒരിക്കൽ അപ്പു നാട്ടിലേക്ക് വന്നു. ലില്ലിയുമായി ഗൗരവത്തോടെ എന്തോ ആലോചിക്കുന്നുണ്ടായിരുന്നു. നാട്ടിലെ കുന്നും പാടങ്ങളും എല്ലാം അടങ്ങുന്ന സ്ഥലം ശേഖരൻകുട്ടിയുടേതായിരുന്നു. എന്നാൽ ഇപ്പോൾ അത് ലില്ലിയുടെ പേരിലേക്ക് മാറ്റിയിരുന്നു. അവിടെ ഒരു കമ്പനി പണിയുന്ന കാര്യം ലില്ലിയോട് അപ്പു ആലോചിച്ചു. 'ഇല്ല' എന്ന ഒറ്റ മറുപടിയായിരുന്നുട അവളുടേത്."വികസനത്തിന് വേണ്ടിയാണ് ലില്ലി'' അപ്പു പൊട്ടിത്തെറിച്ചു.

"ഇല്ല വികസനമെന്നാൽ നാട്ടും നഗരവും നശിപ്പിക്കുക എന്നാണോ.എത്രയെത്ര പുഴകൾ .കുന്നുകളും പാടങ്ങളും. ഇതൊക്കെ നശിപ്പിച്ച് ആകാശം മുട്ടുന്ന കെട്ടിടങ്ങൾ പണിയുന്നതാണോ അപ്പ നിന്റെ വികസനം.''

"ലില്ലി, ഇത് ഒരിക്കലും നാടിന് ആപത്ത് ഉണ്ടാക്കില്ല. ഈ പുഴകളും നദികളുമൊക്കെ നാട്ടിൽ ഉണ്ടായിട്ട് എന്തെങ്കിലും പ്രയോജനം ഉണ്ടോ? അതേ സമയം ഇവിടെ ഒരു കമ്പനി വരികയാണെങ്കിൽ പ്രയോജനം ഉണ്ടാകും"."ഇല്ല, ഇതു പറഞ്ഞ് ഇനിയും എന്നെ പ്രകോപിപ്പിക്കരുത്. ഇതിനാണെങ്കിൽ അപ്പുവിനു പോകാം.''

"എന്താണ് ലില്ലി ഇത് ?നീയും ഇത്ര പെട്ടെന്ന് കാല് മാറിയോ? നിന്റെ ചിന്ത ശരിയല്ല ."

"ശരിയേതാണ് ,തെറ്റേതാണ് എന്നെനിക്കറിയാം. ആരും അതെന്നെ പഠിപ്പിക്കേണ്ട.''

"ശരി. ഇതിലും നല്ല പ്രദേശം കണ്ടുപിടിച്ച് ഞാൻ നല്ല ലാഭം കൊയ്യും ."ഇത് പറഞ്ഞ് അപ്പ കാറിന്റെ ഡോർ തുറന്ന് കയറിപ്പോയി .

പിറ്റേന്ന് സ്കൂളിലേക്ക് പോയ ലില്ലി മൂന്നാം ക്ലാസ്സിലെ ആദ്യ അധ്യായം തുറന്നു.

ഇന്ന് നാം പഠിക്കുന്ന ആദ്യ അധ്യായം ഗ്രാമഭംഗി എന്നതാണ് .നമ്മുടെ ഗ്രാമം വളരെ സുന്ദരമാണ് .പാടങ്ങളും കുന്നുകളും പുഴകളും നിറഞ്ഞ ഈ പ്രകൃതി എല്ലാവർക്കും ഇഷ്ടമല്ലേ ?"കുട്ടികൾ തലയാട്ടി."വലുതായി നിങ്ങൾക്ക് ആരാകാനാണ് ആഗ്രഹം ?"ഓരോ കുരുന്നിന്റെയും ചുണ്ടിൽ നിന്നും ഡോക്ടർ, എൻജിനീയർ ,കളക്ടർ എന്നിങ്ങനെ വന്നു. ലില്ലി ചോദിച്ചു ."അപ്പോൾ ആരാണ്

കൃഷി ചെയ്യുന്നത്?'' ആരും മറുപടി പറഞ്ഞില്ല."കർഷകർ ഇല്ലേ ?" ലില്ലി ദുഃഖ ഭാവത്തോടെ ചോദിച്ചു .ആരും മറുപടി പറഞ്ഞില്ല.

"എത്ര ഉയരത്തിൽ എത്തിയാലും വന്ന വഴി മറക്കരുത്. കുന്നും പാടങ്ങളും നിറഞ്ഞ ഈ പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ ചുമതല ആണ്. അല്ലാതെ നാം ഒരിക്കലും ഈ ഗ്രാമത്തെ ഒറ്റിക്കൊടുക്കരുത്. അതായിരിക്കും നമ്മുടെ വിജയം. അവിടെ നാം വിജയിക്കും.'' അപ്പോൾ കുട്ടികൾ ആർത്തു വിളിച്ചു.'ഞാൻ കർഷകൻ ആകുമെന്ന്.'

"മക്കളെ നിങ്ങളാണ് നാളത്തെ അധ്യാപകർ. നിങ്ങളിലൂടെയാണ് അടുത്ത തലമുറ ഓരോന്ന് പഠിക്കുന്നത്. പ്രകൃതിയെ സ്നേഹിക്കാൻ പഠിക്കണം. നമ്മുടെ ആദ്യ അദ്ധ്യാപിക പ്രകൃതിയാണ്. പ്രകൃതിയിലെ കാഴ്ച കണ്ടു കഴിഞ്ഞാൽ മാത്രമാണ് ജീവിതം സമ്പൂർണമാവുകയുള്ളൂ. അതിനാണ് ശ്രമിക്കേണ്ടത്.'''

"തിന്മ കണ്ടാൽ എതിർക്കണം. നന്മ കണ്ടാൽ പ്രചോദിപ്പിക്കണം. ഈ അദ്ധ്യായം കഴിഞ്ഞു. ഇതാണ് ഈ അധ്യായത്തിൽ പഠിക്കേണ്ടത്. "ഇത് പറഞ്ഞ് ലില്ലി പുറത്തേക്ക് പോയി. പുറത്ത് മഴ പെയ്യുന്നുണ്ടായിരുന്നു. അവൾ മഴ ആസ്വദിക്കുന്നു അവളിലൂടെ അറിവ് നേടിയ കുഞ്ഞുങ്ങൾ നാളെ മറ്റൊരാളെ പഠിപ്പിക്കണം. .അപ്പോൾ അവിടെ അവൾ വിജയിച്ചു.ഗ്രാമത്തിൻറെ വിളക്ക് ആകേണ്ടത് കുഞ്ഞുങ്ങളാണ് .ആ വിളക്കാകണം തിരിയിട്ട് എണ്ണ ഒഴിച്ച് കത്തിക്കേണ്ടത്.





അനാമിക പി എസ്


# കല്ലിൽ ഗുഹാ ക്ഷേത്രത്തിലേക്ക്
# ഒരു പഠന വിനോദയാത്ര

2019 നവംബർ മാസം പതിനാറാം തീയതി രാവിലെ 8 മണിയോടുകൂടി കലാലയ മുറ്റത്ത് നിന്നും വാഹനത്തിൽ കയറി മേതല കല്ലിൽഗുഹാക്ഷേത്രം ലക്ഷ്യമാക്കി യാത്ര തുടങ്ങി. നാല് പുരുഷ അധ്യാപകർ, നാല് വനിതാ അധ്യാപകർ , പിടിഎ പ്രസിഡൻറ് , വാഹനത്തിൻറെ ഡ്രൈവർ , പിന്നെ ഞങ്ങൾ കുട്ടികളടക്കം അറുപതോളം പേർ ഉണ്ടായിരുന്നു. വാഹനത്തിൽ കയറിയപ്പോൾ തന്നെ കൂട്ടുകാർ ആട്ടവും പാട്ടുമായി ഒരു ഉത്സവ ലഹരിയിലേക്ക് ഇറങ്ങി. ഇടയ്ക്ക് മാത്രം ലഭിക്കുന്ന ഇത്തരം അവസരങ്ങൾ പരമാവധി ആസ്വദിക്കുക എന്നത് കൊണ്ട് ഞാനും അവരിലൊരാളായി മാറി. എനിക്ക് പാട്ടുപാടാനോ ഡാൻസ് കളിക്കാനോ അറിയില്ലെങ്കിലും കൂട്ടത്തിൽ കൂടാൻ പ്രയാസമില്ലാത്തത് എന്നിലെ ആത്മവിശ്വാസം വർധിപ്പിച്ചു. വളരെ ദൂരം കുറഞ്ഞ സ്ഥലം ആയതുകൊണ്ട് തന്നെ പെട്ടെന്ന് ലക്ഷ്യസ്ഥാനത്ത് എത്തിച്ചേർന്നു. നേരത്തെ അറിയിച്ചത് കൊണ്ട് തന്നെ ക്ഷേത്ര പരിപാലന സമിതി അംഗമായ ശ്രീ സോമൻ സാർ ഞങ്ങളെ പ്രതീക്ഷിച്ച് അവിടെ നിൽപ്പുണ്ടായിരുന്നു. ഞങ്ങളുടെ വാഹനം അവിടെ പാർക്ക് ചെയ്തതിനുശേഷം വാഹനത്തിൽ നിന്നും ഇറങ്ങി അദ്ദേഹത്തിൻറെ അടുത്ത് എത്തി. കൃത്യമായ ഒരു പുഞ്ചിരിയോട് കൂടി അദ്ദേഹം ഞങ്ങളെ വരവേറ്റു. ജലാലുദ്ദീൻ സാർ ഒരു ആമുഖ പ്രഭാഷണം നടത്തി. പിന്നീട് അദ്ദേഹം ഞങ്ങളെയും കൂട്ടി അതിന്റെ പരിസരവും പരിചയപ്പെടുത്തി. ബിസി മൂന്നാം നൂറ്റാണ്ടിൽ ഉണ്ടാക്കിയ ക്ഷേത്ര നിർമ്മിതിയാണ് എന്ന് അറിയാൻ കഴിഞ്ഞു. ഒരു ഭീമാകാരമായ ഒറ്റക്കല്ലിൽ രണ്ട് കല്ലുകൾ താങ്ങി നിർത്തി നിലം തൊടാതെ നിൽക്കുന്നു. അതിനു താഴെയാണ് ക്ഷേത്രവും കലാ നിർമ്മിതികളും. ആദ്യമായാണ് ഇത്ര വലിയ പാറക്കെട്ടും അതിനോടനുബന്ധിച്ചുള്ള നിർമിതിയും കാണുന്നത്. ആശ്ചര്യവും അതിലുപരി അത്ഭുതവും തോന്നി. ക്ഷേത്രത്തിലേക്കുള്ള വഴികളും നടകളും കരിങ്കൽ പാകി വൃത്തിയായി സൂക്ഷിച്ചിരിക്കുന്നു. വലിയ കല്ലുകളിൽ വളരെ അഴകുള്ള രീതിയിൽ ആനയും പക്ഷികളും ഉൾപ്പെടെ പല രൂപങ്ങളുടെയും കൊത്തുപണികൾ നടത്തിയിരുന്നു.

ജൈന മതത്തിന്റെ ഉപജ്ഞാതാവായ വർദ്ധമാനമഹാവീരന്റെ രൂപവും കല്ലിൽ കൊത്തിയിരുന്നു. ക്ഷേത്രത്തിൽ കല്ലുകൾ അമ്മാനമാടി കൊണ്ടിരുന്ന ദേവി കുറെ ആളുകൾ വരുന്നത് കണ്ട് ഈ പാറയ്ക്ക് പിറകിൽ ഒളിച്ചിരുന്നു എന്നും ഒരു ഐതിഹ്യമുണ്ടെന്ന് സോമൻ സാർ പറഞ്ഞു.ക്ഷേത്രത്തിനടുത്ത് രണ്ട് കുളങ്ങൾ കാണുന്നുണ്ട്. ഒന്ന് ദേവി നീരാട്ട് നടത്തിയതും മറ്റൊന്ന് ആനകൾ നീരാട്ട്  നടത്തിയതും ആണ് എന്ന് പറഞ്ഞു തന്നു. ഇതിനിടയിൽ മുഹമ്മദ് സാർ ഒരു ചെടിയുടെ ഇല ഉപയോഗിച്ച് വിസിൽ ഉണ്ടാക്കി ഞങ്ങളെ ആനന്ദിപ്പിച്ചു.

ക്ഷേത്രത്തിന്റെ വിശാലമായ ചുറ്റുവട്ടത്തിൽ ധാരാളം ഔഷധ സസ്യങ്ങളും വൻമരങ്ങളും നിൽക്കുന്നുണ്ട് .സുഹറ ടീച്ചർ ഔഷധ ചെടികളെ പരിചയപ്പെടുത്തിത്തന്നു.പ്രകൃതിയുടെ ശാന്തമായ അന്തരീക്ഷത്തിൽ അണ്ണാന്റെയും പക്ഷികളുടെയും ആരവങ്ങൾ വളരെ ഹൃദ്യമായി തോന്നി.ക്ഷേത്രത്തിന്റെ ചുറ്റുവട്ടം ശാന്തവും പ്രകൃതിരമണീയമായതും ആയതിനാൽ മനസ്സിൽ ഒരു ശാന്തത കൈവരുന്നുണ്ട്. അവിടുത്തെ ജീവനക്കാർ തന്ന രണ്ടുതരം പായസവും ടീച്ചറുടെ അവലും തിന്ന് ഞങ്ങൾ വയർ നിറച്ചു. തൊട്ടടുത്തുള്ള പാറയിൽ ഇരുന്നാണ് ഞങ്ങൾ എല്ലാവരും കഴിച്ചത്. മനവും വയറും നിറഞ്ഞ് 11 .30 ഓട് കൂടി അവിടെ നിന്നും തിരിച്ചു സ്കൂളിലേക്ക്. കഴിഞ്ഞ മൂന്ന് മണിക്കൂർ പോയത് അറിഞ്ഞതേയില്ല. നമ്മുടെ കയ്യെത്തും ദൂരത്ത് ഇത്രയും വലിയ ഒരു ശില നിർമ്മിതിയും ,അതിനെക്കുറിച്ച് ആഴത്തിൽ പഠിക്കാൻ കഴിഞ്ഞതും വലിയ ഭാഗ്യമായി തോന്നുന്നു. ഇതിനുവേണ്ടി ഞങ്ങളെ പ്രാപ്തമാക്കിയ സ്കൂൾ പി.ടി.എ, ടീച്ചേഴ്സ് എല്ലാവർക്കും പ്രത്യേകം നന്ദിയോടെ  സ്മരിച്ചുകൊണ്ട്, ഇനിയും ഇത്തരം ഉപകാരപ്രദമായ യാത്രകൾ ഉണ്ടാകുമെന്ന പ്രതീക്ഷയോടെ എന്റെ യാത്ര വിവരണം ഇവിടെ അവസാനിപ്പിക്കുന്നു.

Aslamsidhick



# കല്ലിൽ ഗുഹാക്ഷേത്രം



# റോബോട്ടിക്സ്

ഞാൻ ഒമ്പതാം ക്ലാസിൽ പഠിക്കുമ്പോഴാണ് എനിക്ക് മറക്കാനാവാത്ത അനുഭവം ഉണ്ടായത്. ഇന്ത്യയിൽ ആദ്യമായി നടത്തപ്പെടുന്ന മുംബൈ ഐഐടിയുടെ ഭാഗമായ എൻആർസി( നാഷണൽ റോബോട്ടിക്സ് ചാമ്പ്യൻഷിപ്പ്) ഇക്കഴിഞ്ഞ ഒക്ടോബർ മാസം എന്റെ വീടിനടുത്തുള്ള പേഴക്കാപ്പിള്ളി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ചത്. ആ സ്കൂളിലെ അദ്ധ്യാപികയാണ് എന്റെ ഉമ്മ. ഉമ്മ എന്റെ അടുത്ത് ഈ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ പറഞ്ഞപ്പോൾ ഞാൻ ആദ്യം ഇതിൽ നിന്നും മാറിനിന്നെങ്കിലും ഉമ്മയുടെ നിർബന്ധത്തിന് വഴങ്ങേണ്ടി വന്നു. ആ മത്സരത്തിലെ രീതി എന്ന് പറഞ്ഞാൽ ടീമുകൾ ആയിട്ടാണ് ; അഞ്ചുപേർ വീതമുള്ള ഒരു ടീം. അങ്ങനെ, മത്സരത്തിലെ തലേന്ന് തന്നെ എന്റെ സ്കൂളിൽ നിന്നും ഞങ്ങളൊരു ടീം ആയി മാറി. കൃത്യമായി പറഞ്ഞാൽ ഞാനും മുഹമ്മദും ബാദുഷയും അശ്വന്തും ഇൻസമാമും അടങ്ങിയതാണ് ഞങ്ങളുടെ ടീം. അങ്ങനെ മത്സര ദിവസം ഇതിന്റെ ഉദ്ഘാടനച്ചടങ്ങിൽ ആദ്യത്തെ മൂന്ന് ടീമുകൾ മുംബൈയിൽ നടക്കുന്ന ഗ്രാൻഡ് ഫിനാലെയിൽ പങ്കെടുക്കും എന്ന് പറഞ്ഞപ്പോൾ എന്റെ കണ്ണ് തള്ളിപ്പോയി. റോബോട്ടിനെ പറ്റി ഒരു പിടിയുമില്ലാത്ത ഒരുവനായിരുന്നു ഞാൻ. പക്ഷേ, എന്റെ ടീമിലുണ്ടായിരുന്ന ഒരുവൻ റോബോട്ടിക്സ് പ്രാക്ടീസിന് പോയിട്ടുള്ളതാണെന്ന് അറിഞ്ഞപ്പോൾ എനിക്ക് ഒരു ആശ്വാസമായി. രണ്ടു ദിവസത്തെ പ്രോഗ്രാം ആയിരുന്നു അത്. രണ്ടാമത്തെ ദിവസമായിരുന്നു അതിന്റെ ഫൈനൽ റൗണ്ട്. ഫൈനൽ റൗണ്ട് വളരെ എളുപ്പമായിരുന്നു എന്ന് പിന്നീടാണ് ഞങ്ങൾക്ക് മനസ്സിലായത്. ഞങ്ങൾ ഉണ്ടാക്കിയ റോബോട്ട് കാർ റിമോട്ട് കൺട്രോളിലാക്കി ഏറ്റവും ചുരുങ്ങിയ സമയത്തിൽ അവർ തരുന്ന ട്രാക്കിൽ ഫിനിഷ് ചെയ്യുക എന്നതായിരുന്നു മത്സരം. 20 ടീമുകൾ ആയിരുന്നു ഞങ്ങളോട് മത്സരിക്കാൻ ഉണ്ടായിരുന്നത്. പലരും ദൂരങ്ങളിൽ നിന്ന് വന്നവരായിരുന്നു. റിസൾട്ട് പ്രഖ്യാപിക്കുമ്പോൾ അതിൽ രണ്ടാം സ്ഥാനക്കാർ ചെറുവട്ടൂർ സ്കൂൾ ആണെന്ന് പറഞ്ഞപ്പോൾ ഞങ്ങൾക്ക് എന്തെന്നില്ലാത്ത ഒരു ആഹ്ലാദമായിരുന്നു. ഞാൻ ആ നിമിഷം ഓർത്തുപോയി "അന്ന് എൻറെ ഉമ്മ ചാമ്പ്യൻഷിപ്പിനെപ്പറ്റി പറഞ്ഞില്ലായിരുന്നെങ്കിലോ!" എന്ന്. ഞങ്ങളുടെ കൂട്ടായ്മയായിരുന്നു ഞങ്ങളെ ആ വിജയത്തിലേക്ക് നയിച്ചത് .

അടുത്ത ദിവസത്തെ പത്രത്തിൽ ഇതിനെപ്പറ്റി വാർത്ത വന്നപ്പോൾ ഒരു വല്ലാത്ത സന്തോഷം ആയിരുന്നു എനിക്ക്. എന്റെ ജീവിതത്തിൽ ഏറ്റവും സന്തോഷമേറിയ മുഹൂർത്തങ്ങളിൽ ഒന്നായിരുന്നു അത്.

അദ്നാൻ ഹുസൈൻ പി

IX C



**കവിത**

# വാർമതി

# വീണ്ടും തിളങ്ങി

പൂക്കൈത തൻ തുഞ്ചത്ത് ഇരുന്നൊരു
പൂങ്കുയിൽ പാടി തുടങ്ങി
മിന്നും ചിന്നും പൊൻ താരകങ്ങൾ തൻ
മൗനാനുവാദം വാങ്ങി
വെണ്ണിലാവിൽ കുളിച്ചൊരുങ്ങി എത്തുന്ന
വാർമതി സമ്മതമേകി
പാട്ടു നീ പാട്ടു നീ നിൻ മനസ്സിൽ തുളുമ്പും
വേദനതൻ പൊൻ ചിറകേറി
വാർമതി മൊഴിഞ്ഞത് കേട്ടതു
ഉടൻ പൂങ്കുയിൽ ഉച്ചത്തിൽ പാടി
തൻ വേദനതൻ ആഴം അറിഞ്ഞ
പൂങ്കാറ്റിൻ മാധുര്യം പൂകി
തോരാത്ത കണ്ണുനീർ കടലിന്റെ
പുസ്തകക്കെട്ടിന്റെ കുത്തകയഴിഞ്ഞുവീണു.
"എൻ ലോകമാം മക്കളെ-
യവർ ആ ക്രൂരൻ ചുട്ടു ചാമ്പലാക്കി
എൻ കൂട്ടുമോ എൻ അമ്മ മരവും അവർ
മനുഷ്യൻ തൻ ദ്രോഹത്താൽ
താറുമാറായി”

പൂങ്കുയിലിൻ വേദന കേട്ടതു -
മുടൻ വാർമതി കണ്ണീരൊഴുക്കി
പൂങ്കുയിൽ മൊഴിഞ്ഞു,
"നീ എന്ത് ഭാഗ്യവാൻ
നിൻ, പൂങ്കവിളേൽക്കുന്നതേവർക്കും
ആനന്ദം സാമോദം എന്നുമെന്നും
നിൻ ഈ പൂനിലാ രൂപത്തിൽ
സുന്ദരദൃശ്യം എൻ വേദന
മായ്ക്കുന്നു മെല്ലെ മെല്ലെ
നീ തിളങ്ങിയിട്ടുണ്ട് നിന്റെ രൂപത്തിൽ
ഞങ്ങൾക്ക് സൗഭാഗ്യമേകീടു
ഇത്രയും പറഞ്ഞതും ആ
പൂങ്കുയിൽ യാത്ര പറഞ്ഞുപോയി
വാർമതി വീണ്ടും തിളങ്ങി
കണ്ണീർ കടലിൽ മുങ്ങിടുന്നവർ തൻ
വേദന ശമിപ്പിക്കുവാൻ ആയി

ഐശ്വര്യ പ്രകാശ്



# ഔഷധ സസ്യങ്ങളും ശാസ്ത്രനാമങ്ങളും

കറ്റാർവാഴ ---------------- ആലോവേര(*Aloevera)*

കീഴാർനെല്ലി------------- ഫിലാന്തസ് അമാരസ് (P*hyllanthus amaurs)*

കുറുന്തോട്ടി ---------------- സിഡാ റെറ്റ്യൂസാ(*Sida retusa)*

കൃഷ്ണതുളസി --------------- ഒസിമം ടെന്യൂ ഫ്ലോറം(*Ocimum tenuiflourum)*

*മഞ്ഞൾ ----------------- കുർകമ ലോംഗ(*Curcuma longa)










മുക്കുറ്റി -------------------- ബയോ ഫൈറ്റം റീൻവാർട്ടി(*Biophytom reinwarti)*

ആടലോടകം -------------- ആടത്തോട വസിക(*Adathoda vasica)*

ആവണക്ക് ---------------- റിസിനസ് കമ്മ്യൂണിസ്(*Ricinus communis)*

ഉമ്മം ----------------------- ഡറ്റ്യൂറ സട്രേണിയം(*Datura stramonium)*

*കരിനെച്ചി ---------------- വൈറ്റക്സ് നെഗുണ്ടോ(Vitex negundo*

*Krishna Sandeep*

*VIII B*





# അരക്ഷിതമാകുന്ന വാർദ്ധക്യം

ഇക്കാലത്ത് ആളുകൾ വളരെ അക്ഷമരാണ്. കാരണം നൊന്തുപെറ്റ മാതാവിനെയും പോറ്റിവളർത്തിയ പിതാവിനെയും മക്കൾ വാർദ്ധക്യത്തിൽ ഉപേക്ഷിക്കുന്നു. അവർ തനിക്കുവേണ്ടി സഹിച്ച യാതനകളും വേദനകളും മറക്കുന്നു .തന്നെ പഠിപ്പിച്ചത് ആരാണെന്നോ എന്താണെന്നോ അവർക്ക് ഓർമ്മയില്ല. വീട്ടിലെ ഒരു മൃഗങ്ങളുടെ വില പോലും അവർ സ്വന്തം മാതാപിതാക്കൾക്ക് നൽകുന്നില്ല. ഇക്കാലത്ത് വൃദ്ധസദനങ്ങളിൽ വൃദ്ധരുടെ എണ്ണം വർദ്ധിക്കുന്നു. മക്കളാൽ അനാഥപ്പെട്ട പോയവരാണ് ഇവരെല്ലാം. പല രീതികളിലൂടെ മക്കളാൽ ആട്ടിയോടിക്കപ്പെട്ടവരാണ് ഇവർ. പക്ഷേ അവരുടെ മനസ്സ് വേദനിച്ചാൽ പോലും സ്വന്തം മക്കളെ അവർ ശപിക്കില്ല.അവരുടെ ഭാരം ഒഴിഞ്ഞു കിട്ടാൻ ആഗ്രഹിക്കുന്നവർക്ക് അവർ ആ സ്ഥാനമൊഴിഞ്ഞു കൊടുക്കും. മാതാവിൻറെ കാൽക്കീഴിലാണ് സ്വർഗം എന്നാ മഹത് വചനം മക്കൾ മറക്കുന്നു. അവരെ സംരക്ഷിക്കാതെ മറ്റെന്ത് ചെയ്താലും മക്കൾക്ക് വിജയം എന്ന ഘടകം സുനിശ്ചിതമല്ല. അഗതി മന്ദിരങ്ങളുടെ വരാന്തയിലിരുന്ന് കണ്ണീരൊഴുക്കുന്ന എത്രയോ മാതാപിതാക്കളെ കാണാനാകും. കൊച്ചു മക്കളെ കാണാനും കഥപറയാനും ആഗ്രഹിക്കുന്ന അനേകം മുത്തശ്ശിമാർ ഉണ്ട്. അവരുടെ സങ്കടങ്ങളോ വേദനകളോ അറിയാൻ മക്കൾക്ക് താല്പര്യമില്ല. മാതാപിതാക്കളെ സംരക്ഷിക്കേണ്ടത് നമ്മൾ ഓരോരുത്തരുടെയും കടമയാണ്.





Beema Mol P.S-8D

# മൂർത്തി സഷ്ടി

പാലിൻറെ വെണ്മണി ചന്തമേ

പാരിന്റെ ദേവനാം മൂർത്തിയെ

നിന്നിലെ ചിരിയായി വിടരുമീ

നീല വിരിയും പ്രകാശമേ

നാമത്തിൽ എത്രയോ കേമൻ

ചന്ദ്രനായും അമ്പിളിയായും

പൂത്തിങ്കൾ കല ചൂടും രാവിന്റെ ഭംഗിയെ

മുത്തു മുത്തുന്ന മാണിക്യവീണയെ

മൗലി ചാർത്തുമീ ഇയ്യോരഴകിനെ

ഒന്നുകാണുവാനല്ലാതെനിക്കുനിൻ

നൊമ്പര കണ്ണീർ തുടക്കുവാൻ ആകുമോ

സ്വപ്നത്തിലെങ്കിലും സഷ്ടി സാധിക്കുമോ

മൂർത്തി സഷ്ടി നിന്നെ തൊടാൻ



**Manya Madhu**
**8A**

# മാഷ് അവധിയിലാണ്

ഇനി
ഫസ്റ്റ് ബെല്ലിനു മുൻപേ
തിരക്കിട്ട് എത്തേണ്ടതില്ല.
കുറയുന്ന കുട്ടികളെയോർത്ത്...
ഒഴിയുന്ന  ബെഞ്ചുകളെയോർത്ത്...
ഇനി ബേജാറെന്തിന് ?
അസംബ്ലിയിലെ
വളഞ്ഞ വരകൾ നേരെയാക്കാൻ...
വികൃതിക്കുട്ടന്മാരുടെ
തെറിച്ച അക്ഷരങ്ങളെ
അടക്കിയിരുത്താൻ...
മേളകളുടെ  പൂരത്തിരക്കിൽ
കുട്ടിക്കുപ്പായങ്ങളിൽ   കോഡ് കുത്താൻ...
ഇനി മാഷില്ല !
ജീവിത   പാഠത്തിലെ
പ്രതികരണ  കോളങ്ങളെ
ശൂന്യമാക്കികൊണ്ട്,
ആയുസ്സിന്റെ രണ്ടാം പീരിയഡിൽ
ദൈവത്തിന്റെ ക്രൂട്ടമണി...!

**പി ബി  ജലാലുദ്ദീൻ**

**അധ്യാപകൻ**



# അതിജീവനത്തിന്റെ പോരാട്ടം

Inter school football ചരിത്രത്തിൽ ആദ്യമായി ചെറുവട്ടൂർ സ്കൂളിൻറെ 14 ചുണക്കുട്ടികൾ ചെറുവട്ടൂർ മണ്ണിൽ ബൂട്ടും അണിഞ്ഞ് ഇറങ്ങി. ഞങ്ങൾ കളിക്കുന്നതിൽ മാനസികമായും ശാരീരികമായും തികച്ചും പ്രാപ്തരായിരുന്നെങ്കിലും ഞങ്ങൾ നേരിടേണ്ടിവന്ന എതിരാളികളായ സുഹൃത്തുക്കൾ ഞങ്ങൾക്കൊരു വെല്ലുവിളിയായിരുന്നു. ഏറെക്കാലമായി കോതമംഗലം സബ് ജില്ലയിലെ Inter school football ചരിത്രം കീഴടക്കി കൊണ്ടിരുന്ന കീരംപാറ ടീമും പല്ലാരിമംഗലം മിലാനും ഫുട്ബോൾ ദൈവങ്ങൾ സാക്ഷി നിൽക്കേ ചെറുവട്ടൂർ സ്കൂളിലെ ജൂനിയർ കുട്ടികൾ ആ 2 ടീമുകളെയും കീഴടക്കി രണ്ടു കളികളിലും കഠിന പ്രതിസന്ധികൾ നേരിടേണ്ടിവന്നു. പല പരിക്കുകൾ മൂലവും ഞങ്ങൾ ചില സമയങ്ങളിൽ വീണു പോയെങ്കിലും തളർന്നില്ല. കീരംപാറയെ പെനാൽറ്റി പെനാൽറ്റി ഷൂട്ടൗട്ടിലും മിലാനെ 2-1 നും ഞങ്ങൾ കീഴടക്കി. സൂര്യൻന്റെ ചുവന്ന ശോഭ മാഞ്ഞു തുടങ്ങി .നിരവധി കാണികൾ സാക്ഷി നിൽക്കേ സ്കൂളിന്റെ ചരിത്രത്തിലാദ്യമായി ഞങ്ങൾ ഫൈനലിസ്റ്റുകളായി. ഞങ്ങളുടെ എതിരാളികളായി വന്നത് മാർബേസിൽ ടീമായിരുന്നു എങ്കിലും ഞങ്ങൾ തളർന്നില്ല. പിറ്റേ ദിവസം അതിരാവിലെ തന്നെ ഞങ്ങൾ അവരുമായി ഏറ്റുമുട്ടി. ഞങ്ങളുടെ P.T അധ്യാപകൻ പ്രതാപൻ സാറിന്റെ നേതൃത്വത്തിൽ ഞങ്ങൾ കളത്തിലിറങ്ങി. നിരാശകൾ മാത്രം ബാക്കി നിൽക്കെ അവരുമായി 2 -0 ത്തിനു ഞങ്ങൾ കീഴടങ്ങി .ജയിക്കാനായില്ലെങ്കിലും പ്രതാപൻ സാറിന്റെ ഓരോ വാക്കുകളും ഞങ്ങൾക്ക് ആശ്വാസം നൽകിയെങ്കിലും ഞങ്ങൾക്ക് ഈ തോൽവി ഒരു പ്രചോദനമാണ്. ഞങ്ങൾ തളർന്നില്ല. അടുത്ത Reliance Cup-നുള്ള തയ്യാറെടുപ്പിലാണ്. ഞങ്ങൾ അതിൽ വിജയികൾ ആകുമെന്ന പ്രതീക്ഷയിലാണ്.



**Ansaf Noushad10 C**

# കാത്തുനിൽപ്പ്

സുന്ദര ഹേമന്ദ സായാഹ്നത്തിൽ
നീൾവഴിയോരതണലിൽ
കാത്തു കാത്തു നിൽപ്പുണ്ട് ഞാൻ
ആരെന്നറിയില്ല
എന്തിനെന്നറിയില്ല
കാവു പൂത്തപോലെ
കാത്തുനിൽപ്പ്,
കനി മലർ വിതാനിച്ച
കനക മലർ വിതാനിച്ച
കാവ് പൂത്തപോലെ
എന്റെ നിൽപ്പ്
ഉടലാകെ പൂത്ത്
എന്റെ നിൽപ്പ് .



മുഹമ്മദ് സി എ
അധ്യാപകൻ

# നിലാവാകുന്ന നക്ഷത്രം

ആകാശത്തിൽ വന്നണയുന്നിതാതാ ഓരോരോ

തൂമലർ മൊട്ടുകൾ.............

ആ മൊട്ടുകൾക്കരികിലെ ഒരു നിലാവ് ആകുന്ന

നക്ഷത്ര പാൽ മൊട്ട്.........

നിലാവു പെയ്യിക്കും മഴ പോലെ രാത്രികാലങ്ങളിതാ

താരക മൊട്ടുകൾ ചിന്നിച്ചിതറും പാലിൻ

തുള്ളികളെ പോൽ............

കനവിലും നിനവിലും എല്ലാമായ് വന്നണയുന്നിതാ

നക്ഷത്രം......

രാത്രിയിൽ ശോഭയായി വന്നെത്തും ആ നക്ഷത്രക്കൂട്ടം

മിന്നാമിനുങ്ങുകളെ പോലെ ആകാശത്തിലെ പൊൻതാരം

താരമാകും ആകാശത്തിലെ രാത്രിയിലെ പൊൻ അമ്പിളി

ആ അമ്പിളി കാണും നേരം മനസ്സിലെ പൂക്കൾ വിരിയും

മായാജാല തീരം പോലെ ഞാൻ നിലാവിനെ കണ്ടീടുന്നു

സാഗരത്തിൽ നീന്തും താരകൾ പോലെ

വന്നണയുന്നു നിലാവ്.....

നിലാവാകുകുന്ന നക്ഷത്രമായ് വന്നണയുന്നു

താരകളും അമ്പിളിയും.....

Abhijith P.K





Dia Nourin 5A.

വായനക്കുറിപ്പ്

# അഗ്നിച്ചിറകുള്ള പക്ഷി


(എ കെ പുതുശ്ശേരി)

ബാല്യകൗമാര ചിന്തകളെ കോരിത്തരിപ്പിക്കുന്ന കഥയാണ് അഗ്നിച്ചിറകുള്ളപക്ഷി. പുതുശ്ശേരി എന്ന കഥാകൃത്ത് ഇൻറെ മനോഹരമായ ഒരു കൃതിയാണ് ഇത്. കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ ആകർഷിക്കുന്ന കഥയാണ് ഇത്. 23 ഘട്ടങ്ങളായി തിരിച്ചാണ് ഈ കഥ നമ്മേ പരിചയപ്പെടുത്തിയിരിക്കുന്നത്. ഇതിൽ ഒരു മനോഹരമായ ദേശത്തെയും അവിടം ഭരിക്കുന്ന സ്നേഹസമ്പന്നനും സന്മനസ്സ് ഉള്ളവനും ആയ ഒരു രാജാവിനെയും ആണ് അമ്മ ദേശത്തിൻറെ പേര് മിഥിലാപുരി എന്നും രാജാവിൻറെ പേര് ശൂരസേനൻ എന്നുമാണ് . ആ രാജാവ് തൻറെ പ്രജകൾക്ക് വേണ്ടിയാണ് ജീവിക്കുന്നത് എന്നും പ്രജകൾ രാജാവിന് വേണ്ടിയാണ് ജീവിക്കുന്നത് എന്നും രസകരമായി പുതുശ്ശേരി വെളിപ്പെടുത്തുന്നു. സ്നേഹത്തിൻറെ ഒരു കൂന്ന് തന്നെ ആ നാട്ടിൽ രൂപപ്പെട്ടു ഉണ്ടാകുമെന്ന് ഗ്രന്ഥകാരൻ വിശദമാക്കുന്നു. കഥാകൃത്ത് ഈ കഥയുടെ തുടക്കവും അവസാനവും വളരെ മനോഹരമായ ആണ് അവതരിപ്പിച്ചിരിക്കുന്നത്. ഇത് സുന്ദരമായ സൗഹൃദയ അനുഭൂതിയെ കാട്ടുന്നു. ഈ ലോകത്ത് സൗഹൃദബന്ധം ആണ് ഇല്ലാത്തത് എന്നത് ഈ കൃതിയിലൂടെ നമുക്ക് മനസ്സിലാക്കി എടുക്കാം



shahana nissar 9 c

# പൈതലേ നിൻ മുഖം



മാധുരിയേറും പൈതലിൻ  ഇമ്പമാർന്ന
തേങ്ങലിനെ  ആഗിരണം ചെയ്യവേ
അവളുടെ മനസ്സ് വിതുമ്പി തൻ
കുഞ്ഞിനെ ഓമനിക്കാൻ, ഒന്നു കാണാൻ
മാലാഖ വന്നെത്തി,  വെള്ളത്തുണിയി-
നുള്ളിൽ  പിടയുന്ന പിഞ്ചോമന കുഞ്ഞുമായി,
വിരാമമായി, മനസ്സിന്റെ ചാട്ടം നിലച്ചു
ഇതാ, പൈതൽ എൻ കൈയ്യിൽ
പൈതൽ തൻ ഓമൽ മുഖം കണ്ടൊരമ്മ
തൻ ആനന്ദം അലതല്ലി തുളുമ്പിടുന്നു
അൽഭുതം! കുഞ്ഞോമന തൻ  തേങ്ങൽ
നിന്നു, സുഖമായി നിദ്രയിലാണ്ട തുടങ്ങി
മാലാഖ പോയി, അവൾ തന്റെ ആത്മാവിനെ
തന്നോട് ചേർത്തു  നിർത്തി



# तोता हूं मैं तोता हूं

तोता हूं मैं तोता हूं
हरे रंग का तोता हूं
चोंच मेरी लाल है
सुंदर सुंदर चाल है
बागों में मैं जाता हूं
मीठे फल मैं खाता हूं
देख देख मालि को मैं
पत्तों में छुप जाता हूं

मोहम्मद फैसल

# قطـراب الدمع



فاطمة تنسـيرة سي أس

قطرات الدمع تسيل احيانـا
حزنـا قـد مزقنـي الفراق
صـارت ليـالي اوقـات القلق
ونهـاري امضيتهـا بالاضطـراب
لـو دعنـي اقـول حبك استـريح
احلامـي سـألتني مـرارا عنك
انمـا البـشر يعيـش ليـسرق الود
ممـن لا يحتـاج اليـه الحـب
مـا الـذي ابكيـت يـا رفيقـي من احزاني
لديـك فـرح مفـرط تعبر بـه نهـر البلايا
اجبتـه بحـزن محترق
العشـق لم يمـت بفراقـه






# विद्यालय की गाड़ी

विद्यालय की गाड़ी आई,

आओ लाइन लग लो भाई

बारी बारी सभी चदेंगे

आपस में हम नहीं लड़ेंगे



अश्विन राजीव

# എന്റെ കലാലയം

കലാലയം എന്ന് കേട്ടാൽ ഹരമാണ്. വീട്ടിൽ ഇരുന്നാലും കിട്ടാത്ത എന്തെന്നില്ലാത്ത സുഖമാണ് കലാലയ മുറ്റത്തെത്തുമ്പോൾ. കുട്ടികളും ടീച്ചർമാരും ഒരുമിച്ച് ഒരു ചങ്ക് കലാലയമാണ് എന്റേത്. ആണെന്നോ പെണ്ണെന്നോ വേർതിരിവ് ഇല്ലാതെ ഒറ്റക്കെട്ടായി പ്രവർത്തിക്കുന്ന കലാലയം. ചുറ്റുപാടുകൾ നിരീക്ഷിക്കുന്നതിനേക്കാൾ എനിക്കിഷ്ടം എൻറെ കലാലയത്തെ ഒരു നോക്ക് കാണാനാണ്. സ്കൂളിൽ അവധി ആണെന്ന് കേൾക്കുമ്പോൾ ദേഷ്യമാണ്. കാരണം ഒരു ദിവസം പോലും ആ കലാലയ മുറ്റത്തെത്താൻ സാധിച്ചില്ലെങ്കിൽ എൻറെ കണ്ണുകൾ നിറയും. വാസ്തവത്തിൽ ഹൈടെക് മികവിലേക്ക് ഉയരുന്ന എൻറെ കലാലയത്തെ വിട്ടുപിരിയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കൂടെ പഠിച്ചവരും പഠിപ്പിച്ച വരും എല്ലാവരെയും വിട്ടു പിരിയുമ്പോൾ ഉള്ളിൽ തേങ്ങലാണ്. കലാലയത്തെ പിരിഞ്ഞിട്ടില്ല, എങ്കിലും പിരിയുമ്പോഴുള്ള നിമിഷം ഓർക്കുമ്പോൾ തന്നെ സങ്കടമാണ്. പഠനത്തിലും മിന്നിത്തിളങ്ങുന്ന ജി എം എച്ച് എസ് എസ് ചെറുവട്ടൂർ എന്ന എൻറെ വിദ്യാലയം കുട്ടികൾക്ക് മികച്ച രീതിയിൽ അറിവ് ലഭിക്കാനും നേർവഴിയിലേക്ക് സഞ്ചരിക്കാനുള്ള പാതയാണ്.

എൻറെ കലാലയം വിശാലവും അതിമനോഹരവും ആണ്

Rameesunnisa V.M- 8D



# STUDENTS SELECTED TO DISTRICT CAMP OF LITTLE KITES



ASWIN RAJEEV MUHAMMED FAISAL P S




# SMARTAMMA  PROGRAMME



# OUR LITTLE KITE TEAM






എന്റെ നിറവിൽ
കേരളം
10 C




നന്ദി.......